2008, ഖുത്ബ നമ്പര് - 6

8.2.2008
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മഹ്ദിയുടെ സ്ഥാനത്തെ ചുട്ടെരിക്കാൻ അസൂയയുടെ അഗ്നിയ്ക്ക് സാധ്യമല്ല

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പരീക്ഷണങ്ങളിൽത്തന്നെയാണ് പ്രാർത്ഥനകളുടെ അത്ഭുതകരമായ പ്രത്യേകതയും സ്വാധീനവും വെളിപ്പെടുന്നത്. നമ്മുടെ അല്ലാഹു പ്രാർത്ഥനയിലൂടെ തിരിച്ചറിയപ്പെടുന്നുവെന്നതു സത്യമാണ്." ഒരു യഥാർത്ഥ മുഅ്മിൻ മനസ്സിലാക്കിയിരിക്കേണ്ട അടിസ്ഥാനപരമായ കാര്യമാണിത്. അത്തരക്കാരൻ ഇത് മനസ്സിലാക്കുകയും ചെയ്യുന്നു. പ്രാർത്ഥന കൂടാതെയും അല്ലാഹുവിന്റെ മുന്നിൽ കുനിയാതെയും വിശ്വസിച്ചിരിക്കുന്നുവെന്നുള്ള വാദം നിരർത്ഥകമാണ്. 'നമ്മുടെ അല്ലാഹു പ്രാർത്ഥനയിലൂടെ തിരിച്ചറിയപ്പെടുന്നു' എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുതന്നെയാണ് ഇന്ന് ഓരോ അഹ്മദിയുടേയും പ്രത്യേകത; അങ്ങനെതന്നെയാണ് വേണ്ടതും. പരീക്ഷണങ്ങളിൽ മാത്രമല്ല, സുഖസമൃദ്ധിയിലായിരിക്കുന്ന ദിനങ്ങളിലും തങ്ങളുടെ രക്ഷിതാവിന്റെ മുമ്പിൽ കുനിയുന്നവരും അവനെ സകല ശക്തിയുടേയും ഉറവിടമെന്ന് മനസ്സിലാക്കിക്കൊണ്ട്, അവനോടുള്ള യഥാർത്ഥ ഭയം ഹൃദയത്തിൽ വയ്ക്കുന്നവരും തന്നെയാണ് യഥാർത്ഥ മുഅ്മിനീംകൾ. പരീക്ഷണത്തിന്റെ കാലഘട്ടം വന്നാൽ, ആദ്യത്തെക്കാൾ കൂടുതൽ അവരുടെ ഈമാൻ ശക്തിപ്രാപിക്കുന്നു. എന്നുമാത്രമല്ല, ചാടിക്കടന്ന് വിശ്വാസത്തിൽ പുരോഗതി നേടുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള പരിശ്രമത്തിൽ ആദ്യത്തേക്കാൾ കൂടുതൽ തീവ്രതയുള്ളവരായിത്തീരുന്നു.

താൽക്കാലികമായ പരീക്ഷണങ്ങളിലും തടസ്സങ്ങളിലും അവരുടെ ചുവട് ഇളകിപ്പോകുകയില്ല. മറിച്ച്, ആ പരീക്ഷണവും തടസ്സവുംകൊണ്ട് അവർ ആരാധനാകർമ്മങ്ങളിൽ കൂടുതൽ മുഴുകുന്നു. ഈ വിപ്ലവമാണ് ഒരഹ്മദിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സൃഷ്ടിച്ചത്. നാം ദൃഢചിത്തരായിക്കൊണ്ട് ഈ അവസ്ഥയിൽ നിലനില്ക്കുവോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായിക്കൊണ്ടിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: പ്രാർത്ഥനയുടേയും അത് സ്വീകരിക്കുന്നതിന്റേയും ഇടയ്ക്കുള്ള നേരത്ത്, ചിലപ്പോൾ പരീക്ഷണങ്ങളുടെമേൽ പരീക്ഷണം വരാറുണ്ട്. നടുവൊടിക്കുന്നതരത്തിലുള്ള പരീക്ഷണങ്ങളും ഉണ്ടാകാറുണ്ട്. എന്നാൽ, ദൃഢചിത്തരും, സൽപ്രകൃതക്കാരും ഈ പരീക്ഷണങ്ങളിലും ബുദ്ധിമുട്ടുകളിലും തങ്ങളുടെ രക്ഷിതാവിൽനിന്നുള്ള ഉദാരതയുടെ സുഗന്ധം ആസ്വദിക്കുന്നു. അതിനുശേഷം സഹായം വരുന്നുണ്ടെന്ന് സൂക്ഷ്മബുദ്ധിയുടെ ദൃഷ്ടികൊണ്ട് കാണുന്നു. ഈ പരീക്ഷണങ്ങൾ വരുന്നതിലുള്ള ഒരു രഹസ്യം, പ്രാർത്ഥിക്കാനുള്ള ആവേശം വർദ്ധിക്കുന്നു എന്നതാണ്. കാരണം,ഏതെതെല്ലാം രീതിയിൽ അസ്വസ്ഥതയും പരിഭ്രമവും വർദ്ധിച്ചുകൊണ്ടിരിക്കുമോ, അതനുസരിച്ച് ആത്മാവിൽ ജ്വലനം ഉണ്ടായിക്കൊണ്ടിരിക്കും. ഇത് ദുആ സ്വീകാര്യതയുടെ കാര്യങ്ങളിൽപെട്ടതാണ്. അതിനാൽ ഒരിക്കലും പരിഭ്രമിക്കാൻ പാടില്ല. അക്ഷമയും ഗതികേടുംകൊണ്ട്, അല്ലാഹുവിനെ തെറ്റുധരിക്കുന്നവനുമാകരുത്. പ്രാർത്ഥന സ്വീകരിക്കുകയില്ലെന്ന് ഒരിക്കലും കരുതാൻ പാടില്ല. അത്തരം തെറ്റുധാരണ, ദുആ സ്വീകരിക്കുന്നവനാണെന്ന അവന്റെ സിഫത്തിനെ നിഷേധിക്കലാണ്."

ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ മുമ്പിൽ കുനിയുക എന്നത് ഒരഹ്മദിയുടെ ശീലമായിരിക്കണം. താൽക്കാലികമായ തടസ്സങ്ങളും പരീക്ഷണങ്ങളും അതിന് ശക്തിപകരുന്നു. ഇതുദ്ധരിച്ചുകൊണ്ട് ഞാൻ പറയാനാഗ്രഹിക്കുന്നത്, ഇക്കാലത്ത് ചില രാജ്യങ്ങളിൽ അഹ്മദികളെ ബുദ്ധിമുട്ടിക്കാൻ ഒരു ഗൂഢമായ നടപടി ആരംഭിച്ചിട്ടുള്ളതുപോലെ തോന്നുന്നു എന്നതാണ്. നേരിട്ടോ അല്ലാതെയോ ബുദ്ധിമുട്ടിക്കാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. അത് അസൂയയുടെ അഗ്നിയാണ്. അത് ഈയാളുകളേയും കക്ഷികളേയും അല്ലെങ്കിൽ ഭരണകൂടങ്ങളേയും അത്തരം നടപടിയെടുക്കാൻ പ്രേരിപ്പിക്കുകയാണ്. ഈ അസൂയയുടെ അഗ്നിയും വാഗ്ദത്ത മസീഹിന്റെ കാലത്ത് കൂടുതൽ ആളിക്കത്തണമായിരുന്നു. സ്വന്തക്കാരിൽനിന്നും അന്യരിൽനിന്നും അതുണ്ടാകണമായിരുന്നു. അതായത് മുസ്‌ലിംകളുടെ ഭാഗത്തുനിന്നും അമുസ്‌ലിംകളുടെ ഭാഗത്തുനിന്നും. അമുസ്‌ലിംകളുടെ ഭാഗത്തുനിന്നുണ്ടാകാൻ കാരണം, വാഗ്ദത്ത മസീഹിന്റെ കാലത്ത് ഇസ്‌ലാമിന്റെ മുന്നേറ്റം കണ്ടുകൊണ്ട് അവർക്ക് സഹിക്കാൻ കഴിയുകയില്ല എന്നതാണ്. ലോകത്ത് ഇസ്‌ലാം വിജയിക്കുന്നത് അവരെങ്ങനെ സഹിക്കും? മുസ്‌ലിംകളിൽനിന്നും ചില മുസ്‌ലിം നേതാക്കന്മാരിൽനിന്നും എതിർപ്പുണ്ടാകാൻ കാരണം അവരുടെ രാജപദവികളും, ഉപദേശപീഠങ്ങളും അവരിൽനിന്ന് തട്ടിപ്പറിച്ചെടുത്തേക്കുമോ എന്ന ചിന്തയാണ്. ആകസേര സംരക്ഷിച്ചുനിറുത്തന്നതിനായി അവർക്ക് അമു

സ്ലിംകളുടെ മുമ്പിലും തലകുനിക്കേണ്ടിവരുന്നു. അതവർക്ക് നാണക്കേടായി തോന്നുന്നില്ല. **അല്ലാഹു ഇക്കൂട്ടർക്ക് ബുദ്ധി നല്കുമാറാകട്ടെ. അവരിൽ കരുണ ചൊരിയുമാറാകട്ടെ**. മുസ്ലിംകളായ ഇവർ അത്തരം പ്രവൃത്തികൾ മുഖേന കോടാലികൊണ്ട് സ്വന്തം കാലിൽ വെട്ടുന്നവരായിത്തീരുകയാണ്. അഹ്ദിയ്യത്തിനെ എതിർക്കുന്നതിനുവേണ്ടി മാത്രമാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്. അല്ലാഹുവിന്റെ വിധിയോട് പോരാടാൻ ശ്രമിച്ചാൽ, സ്വയം നശിച്ചൊടുങ്ങുകതന്നെ ചെയ്യും.

അതിനാൽ, ബാഹ്യമായിട്ടാണെങ്കിലും ഇവർ കലിമ ചൊല്ലുന്നതുകൊണ്ട്, അവർക്കുവേണ്ടി നാം ദുആ ചെയ്യണം. വാഗ്ദത്ത മസീഹിനെക്കുറിച്ച്, ***ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** എന്നു പറഞ്ഞുകൊണ്ട് അല്ലാഹു വിളംബരം ചെയ്തപ്പോൾ, ***വ ഹുവൽ അസീസുൽ ഹക്കീം*** എന്നും അവൻ പ്രഖ്യാപിക്കുകയുണ്ടായി. ***വ ഹുവൽ അസീസുൽ ഹക്കീം*** എന്ന് പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് അസീസും ഹക്കീമുമായ താനാണ് ഇദ്ദേഹത്തെ അയക്കാൻ പോകുന്നതെന്നാണ്. അല്ലാഹു അജയ്യനാണ്. അസീസാണ്. ആ അസീസായ അല്ലാഹുവിന്റെ പ്രവൃത്തിയെ തടയാനാരുമില്ല. അവൻ ഹക്കീമാണ്. ഇസ്ലാമികാധ്യാപനത്തിന്റെ ഹിക്മത്തിന്റെ മുത്തുകൾ, ഈ മസീഹും മഹ്ദിയുമായി ബന്ധപ്പെട്ടെങ്കിൽ മാത്രമെ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂവെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. ഈ സന്ദേശം ലോകർക്ക് നല്കുന്നതോടൊപ്പം അസൂയാലുക്കളുടെ അസൂയയിൽനിന്നും പരീക്ഷണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് പ്രാർത്ഥിക്കേണ്ട ആവശ്യവും വളരെയുണ്ട്.

ഏതെല്ലാം രാജ്യങ്ങളിൽ അഹ്മദികൾക്കുമേൽ അതിക്രമം നടക്കുന്നുവോ, അവിടെയുള്ളവർ തങ്ങളുടെ പാദം ഉറച്ചുനില്ക്കുന്നതിനായി ദുആ ചെയ്യണം. എത്രയും വേഗം വിജയങ്ങളുടെയും ദുആ സ്വീകാര്യതയുടെയും ദൃശ്യങ്ങൾ കാണാൻ ഭാഗ്യം കിട്ടുംവിധം അല്ലാഹുവിന്റെ മുമ്പിൽ കുനിയണം. അതിക്രമങ്ങളൊന്നുമില്ലാതെ, പ്രത്യക്ഷത്തിൽ സമാധാനത്തിൽ കഴിയുന്ന ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ കഴിയുന്ന അഹ്മദികളും തങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടി ദുആ ചെയ്യുക. കാരണം സത്യവിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാണ്. ശരീരത്തിന്റെ ഒരുഭാഗത്ത് ബുദ്ധിമുട്ടുണ്ടായാൽ, ശരീരം മുഴുവൻ അതനുഭവിക്കും. അതുകൊണ്ട് നമ്മുടെ ഏതെങ്കിലും ഒരഹ്മദിക്കുണ്ടാകുന്ന വിഷമം നമ്മുടെ വിഷമമാണ്. എന്നല്ല, അഹ്മദികളുടെ മനസ്സ് ഏത് മനുഷ്യന്റെയും വിഷമത്തെ തന്റെ വിഷമമായി കണ്ട് അനുഭവിക്കുന്നതായിരിക്കണം.

ഇങ്ങനെ നാം സങ്കടത്തോടും വേദനയോടുംകൂടി ഈ പരീക്ഷണം എത്രയും വേഗം അവസാനിക്കുന്നതിനുവേണ്ടി ദുആ ചെയ്യുമ്പോൾ തീർച്ചയായും ദുആ സ്വീകരിക്കുന്നവനായ അല്ലാഹു, നമ്മുടെ ദുആ കേട്ടുകൊണ്ട് നമ്മുടെ സഹോദരങ്ങളുടെ ബുദ്ധിമുട്ടുകളും വിഷമങ്ങളും അകറ്റുന്നതായിരിക്കും. എതിരാളികൾ മനസ്സിലാക്കുന്നത് ഈ തടസ്സങ്ങളും ബുദ്ധിമുട്ടുകളും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയുടെ വഴിയിൽ തടസ്സം സൃഷ്ടിക്കുമെന്നാണ്. ഇത് ഏതെങ്കിലും മനുഷ്യന്റെ പ്രവൃത്തിയായിരുന്നെങ്കിൽ, കഴിഞ്ഞ നൂറു വർഷത്തിലധികമായി നടന്നുവരുന്ന എതിർപ്പിന്റെ ശക്തമായ പൊടിക്കാറ്റ് എപ്പഴേ, ജമാഅത്തിനെ നശിപ്പിച്ചുകളഞ്ഞിട്ടുണ്ടാകും. അഹ്മദികൾക്കെതിരെ പാക്കിസ്ഥാനിൽ നടന്നുവരുന്ന എതിർപ്പുകൾത്തന്നെയാണ്, അതിന് ആദ്യത്തേക്കാൾ കൂടുതൽ വളരാനും, പരക്കാനും, പുഷ്പിക്കാനും കാരണമായതെന്നറിയാത്തത് ഏതു അഹ്മദിയാണ്. അതിനാൽ, ഈ എതിർപ്പുകൾ ജമാഅത്തിന്റെ വളർച്ചയിൽ തടസ്സമാകുമെന്ന്, മുമ്പേയും നമ്മൾ കരുതിയിട്ടില്ല. ഇനിയൊട്ടു കരുതുന്നുമില്ല.

ഇപ്പോൾ പാക്കിസ്ഥാനിൽ വീണ്ടും ആ വളിച്ച് ദുർഗന്ധം വമിക്കുന്ന എതിർപ്പ് പൊങ്ങിവരികയാണ്. ചെറിയ ചെറിയ തോതിൽ അവിടെയവിടെ എതിർപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിലും ഇപ്പോൾ അതിന് കുറച്ച് മൂർച്ച കൂടിയിരിക്കുന്നതായി കാണുന്നു. തക്കം കിട്ടുമ്പോൾ അഹ്മദികൾക്കെതിരെ കള്ളക്കേസ് കൊടുക്കുകയാണിപ്പോൾ.

കഴിഞ്ഞദിവസം 13 വയസ്സുള്ള ഒരു കുട്ടിക്കെതിരിൽ പോലീസ് കേസെടുത്തു. ഇന്ന മൗലവിയെ ഈ കുട്ടി അടിച്ചുവെന്ന് വേറൊരു മൗലവി മൊഴി കൊടുത്തു. അടിയേറ്റുവെന്ന് പറയുന്ന ആളിന്റെ ബന്ധുക്കൾ ഇത് നിഷേധിക്കുന്നുണ്ടെന്നതാണ് വാസ്തവം. കേസ്സുണ്ടാക്കുക എന്നതു മാത്രമാണ് ഇവരുടെ ശീലം. മർദ്ദിച്ച് അയാളെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട ഗുരുതരാവസ്ഥയിലാക്കി എന്നാണ് കേസ്സ്! ആരോഗ്യവാനായ ഒരു യുവാവ്, 13 വയസ്സുള്ള ഒരു കുട്ടിയുടെ മർദ്ദനമേറ്റ് ആശുപത്രിയിലാവുക! അയാൾ ഒന്നും പ്രതികരിച്ചില്ലത്രെ! ഇതുകൊണ്ടവർ ഉദ്ദേശിക്കുന്നത്, പുതുതലമുറയിൽ ഭീകരത സൃഷ്ടിക്കലാണ്. അങ്ങനെ നമ്മുടെ യുവാക്കൾ നിഷ്ക്രിയരായിത്തീരണം. നമ്മുടെ ജൽസയും തർബിയ്യത്തീപരിപാടികളും തടഞ്ഞുകൊണ്ട് നമ്മളെ തങ്ങളുടെ വരുതിയിലാക്കിയിരിക്കുന്നുവെന്നാണ് ഇവർ ധരിക്കുന്നത്. പുതിയ തലമുറ ഇങ്ങനെ പിന്നാക്കം പൊയ്ക്കൊള്ളുമെന്ന് ഇവർ കരുതുന്നു. കൂടുതൽ ബുദ്ധിമുട്ടിച്ചാൽ അധികമകലുമെന്ന് വ്യാമോഹിക്കുന്നു.

ബുദ്ധിയ്ക്ക് അന്ധത ബാധിച്ചിരിക്കുന്ന ഇവർക്കെന്തറിയാം? അല്ലാഹു തിരികൊളുത്തിയ ദീപം അവരുടെ ഊത്തുകൊണ്ടൊന്നും അണയുകയില്ല. പാക്കിസ്ഥാനിലെ അഹ്മദിയുവാക്കളുടെ ആത്മാർത്ഥതയും കൂറും നിറഞ്ഞ കത്തുകൾ എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.

ആ കത്തുകളെല്ലാം, ആ ചെറുപ്പക്കാർ തങ്ങൾ ചെയ്ത 'ഞങ്ങൾ അഹ്മദിയ്യാ ഖിലാഫത്തിനുവേണ്ടി ഞങ്ങളുടെ ധനവും ജീവനും സമയവും മാനവുമെല്ലാം ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കും' എന്ന പ്രതിജ്ഞയിൽ ഉറച്ചുനില്ക്കുന്നുവെന്നതിന് തെളിവാണ്. അവർ ത്യാഗം ചെയ്യുന്നു. എപ്പോഴും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ശത്രുവിനൊരിക്കലും അവരുടെ പാദങ്ങളെ ഇളക്കാൻ സാധ്യമല്ല. ആർക്കെങ്കിലും ഖിലാഫത്തുമായിട്ട് സുദൃഢബന്ധമുണ്ടെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദു(അ)മായിട്ടുള്ള ബന്ധം കാരണത്താലാണ്. ഹദ്റത്ത് മസീഹ് മൗഊദു(അ)മായിട്ടുള്ള ബന്ധം, നബി(സ)യുമായിട്ടുള്ള ബന്ധം കാരണത്താലാണ്. നബി(സ) തിരുമേനിയുടെ വ്യക്തിത്വം, അല്ലാഹുവിനോളം എത്തിക്കാനുള്ള മാർഗ്ഗമാണ്. ആർക്കാണോ അല്ലാഹുവുമായി ബന്ധവും അവനിൽ ദൃഢവിശ്വാസവുമുള്ളത്, അവരെ ആർക്കെങ്കിലും ഈ ഓലപ്പാമ്പ് കാട്ടി ഭയപ്പെടുത്താൻ കഴിയുമോ? ഒരിക്കലുമില്ല. ഒരിക്കലുമില്ല.

അല്ലയോ യുവാക്കളേ! അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ബന്ധത്തെ ശക്തിപ്പെടുത്തുക. ഇതാണ് ഒരു അഹ്മദീയുവാവിന്റെ അന്തസ്സ്. ഇതാണ് ഒരഹ്മദി പുരുഷന്റെ അന്തസ്സ്. ഇതാണ് ഒരു അഹ്മദിസ്ത്രീയുടെ അന്തസ്സ്. ഇതുതന്നെയാണ് ഒരു അഹ്മദിയുടെ അന്തസ്സ്.

ഇപ്രകാരംതന്നെ ഇന്ത്യയിലും മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ മുല്ലാമാർ അഹ്മദികളെ പീഡിപ്പിക്കുന്നു. ഇവർ നാമമാത്ര മുസ്‌ലിംകളാണ്. നമസ്കാരം അറിയില്ല. കലിമചൊല്ലാൻ അറിയില്ല. വിശുദ്ധഖുർആൻ ഓതാനറിയില്ല. ഒന്നുമാത്രം അറിയാം, അഹ്മദി മുസ്‌ലിമല്ല, കാഫിറാണ്! നമ്മുടെ മുബല്ലിഗുമാരേയും മുഅല്ലിമുമാരേയും ഭീഷണിപ്പെടുത്തുന്നു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ, അഹ്മദികളുടെ ജോലി അല്ലാഹു നമ്മെ ഏല്പിച്ച നമ്മുടെ പ്രവൃത്തി ചെയ്തുകൊണ്ടേപോകുക എന്നതാണ്. അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് ഈ അക്രമങ്ങളേയും പരീക്ഷണങ്ങളേയും നേരിടുക. അല്ലാഹു എല്ലാവരേയും അവന്റെ സംരക്ഷണത്തിൽ വയ്ക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഇപ്പോൾ അഹ്മദിയ്യാ ഖിലാഫത്തിനും നൂറു വർഷം തികയുന്നത് ഇക്കൂട്ടർക്ക് ദഹിക്കുന്നില്ല. കാരണം ഇവർ നമ്മെ നശിപ്പിക്കാൻ വേണ്ടി സംഘടിച്ചവരാണ്. പക്ഷേ, അല്ലാഹുവിന് നന്ദി കാണിച്ചുകൊണ്ട് നമ്മൾ ഖിലാഫത്ത് ശതവാർഷിക ജൂബിലി കൊണ്ടാടുന്നു. ഇതവർക്ക് എങ്ങനെ സഹിക്കാനാണ്? ഈ അസൂയയുടെ അഗ്നി നിർബന്ധിക്കുന്നതുകൊണ്ടാണ് ശത്രുക്കൾ ഇപ്പോൾ എതിർപ്പുകൾക്ക് ആക്കം കൂട്ടിയിട്ടുള്ളത്.

അതിനാൽ, അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുരോഗതിയുടെ വഴിയിൽ മുന്നോട്ടു കുതിക്കുകയാണെന്നുള്ളതിന് തെളിവാണ് ഈ എതിർപ്പുകൾ. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇന്തോനേഷ്യയിലും എതിർപ്പ് ശക്തമാണ്. അഹ്മദി വീടുകൾ കൊള്ളയടിച്ചു. വീടുകൾ തകർത്തു. അഗ്നിക്കിരയാക്കി. പള്ളികൾക്ക് തീവെച്ചു. പള്ളികൾ തകർത്തു. ഭരണകൂടവും ആരംഭത്തിൽ മുല്ലാമാരോടൊപ്പം ആയിരുന്നു. ചില സംസ്ഥാന ഭരണകൂടങ്ങളും മുല്ലാമാരോടൊപ്പം നിന്നിരുന്നു. എന്തായാലും, ജമാഅത്തിന്നെതിരിലുണ്ടാകുന്ന ഈ അക്രമങ്ങൾ വിവിധ രീതിയിൽ നമ്മൾ ഭരണകൂടത്തിന്റെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ കേന്ദ്രസർക്കാർ ഈ പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചു. അങ്ങനെ ഒരു ഉടമ്പടി എഴുതപ്പെട്ടു. ആ വാർത്തകൾ പത്രങ്ങളിൽ വന്നു. ചില വാക്കുകൾ വിട്ടും ചില വാക്കുകൾ എടുത്തുംകൊണ്ടാണ് വാർത്ത പ്രസിദ്ധീകരിച്ചത്. ആ വാർത്ത വായിക്കുന്ന ആൾക്ക് ഉടമ്പടിയുടെ പൂർണ്ണമായ രൂപം വ്യക്തമാകുമായിരുന്നില്ല. അതിനെക്കുറിച്ച് കഴിഞ്ഞ ഏതോ ഖുത്ബയിൽ ഞാൻ പറയുകയും ചെയ്തിരുന്നു. പത്രങ്ങളിലെ ഈ വാർത്തകൾ ഇന്റർനെറ്റിലും വന്നു. ഈ വാർത്ത കണ്ടുകൊണ്ട്, കാര്യങ്ങളുടെ നിജസ്ഥിതി അറിയാത്ത ചില അഹ്മദികൾ, 'ഫിത്നയെ ഇല്ലാതാക്കാൻ ചില കാര്യങ്ങൾ നമ്മൾ സമ്മതിക്കേണ്ടിവന്നാൽ സമ്മതിക്കാമല്ലോ' എന്ന അഭിപ്രായം പ്രകടിപ്പിച്ചു. അതിനോടൊപ്പംതന്നെ ഇതിനെ സംബന്ധിച്ച് തങ്ങൾക്ക് ശരിയായ അറിവില്ലെന്നും എഴുതിയിരിക്കുന്നു. ഉദാഹരണമെന്ന നിലയിൽ ഒരു കത്തിൽ എഴുതിയിരിക്കുന്നു. 'നബി(സ) തിരുമേനിയും ഹുദയ്യബിയ്യ സന്ധിയിൽ 'റസൂലുല്ലാഹ്' എന്ന പദം മായ്ച്ചുകളയാൻ തയ്യാറായി.' ഒന്നാമത്തെ കാര്യം, ആരാണ് അത് മായ്ച്ചതെന്നാണ്? നബി(സ) തിരുമേനി തന്നെയാണ് അത് മായ്ച്ചത്. ഹദ്റത്ത് അലി(റ) മായ്ക്കാൻ തയ്യാറായില്ല. 'എന്റെ യജമാനരേ, എനിക്കിത് ചെയ്യാൻ സാധിക്കുകയില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ നബി (സ) 'റസൂലുല്ലാഹ്' എന്ന പദം സ്വയം വെട്ടിക്കളയുകയായിരുന്നു. കാരണം സത്യനിഷേധികളുമായിട്ടാണ് ഉടമ്പടി ചെയ്യുന്നത്. അവർ, തന്നെ അല്ലാഹുവിന്റെ റസൂലായി അംഗീകരിക്കാത്തവരാണ്. അതുകൊണ്ട് താനിത് മായ്ച്ചുകളയുന്നുവെന്നാണ് പറഞ്ഞത്. പക്ഷേ, നബി(സ) തിരുമേനിയെ അല്ലാഹുവിന്റെ റസൂലായി വിശ്വസിച്ചിരുന്നവർക്ക് അത് വെട്ടിക്കളയാൻ തന്റേടമുണ്ടായിരുന്നില്ല. നബി(സ) തിരുമേനിയും അവരുടെ വികാരം മനസ്സിലാക്കിക്കൊണ്ട്, അവരോട് അത് വെട്ടിക്കളയാൻ കല്പിച്ചതുമില്ല. അതുകൊണ്ട് കാപട്യത്തിന്റെ മാർഗ്ഗം സ്വീകരിക്കുക എന്നത് നമ്മുടെ ജോലിയല്ല. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ അഭിമാനത്തിന് ക്ഷതം പറ്റുന്ന പ്രവൃത്തി ചെയ്യുക എന്നത് നമ്മുടെ ജോലിയല്ല. നമ്മൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായി വിശ്വസിക്കു

ന്നവരാണ്. ഇതിൽനിന്ന് വേറിട്ടാൽ നമുക്കൊരു വിലയുമില്ല. ഇതിൽനിന്ന് അകന്നാൽ നമുക്കൊരു നിലയുമില്ല. നമ്മുടെ സൗന്ദര്യം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ആ മഹാത്മാവിനെ വാഗ്ദത്ത മസീഹായി വിശ്വസിച്ചുകൊണ്ട് പ്രവേശിച്ചിരിക്കുന്നു എന്നതിലാണ്. ആ മഹാത്മാവ് അന്ധകാരവും വെളിച്ചവും വേർപ്പെടുത്തി കാണിച്ചു. നമ്മുടെ നിലപാടും വാദവും, ഈ അന്ധകാര കാലഘട്ടത്തിൽ ഈ മസീഹും മഹ്ദിയും കലിമ ത്വയ്യിബയുടേയും കലിമ ശഹാദത്തിന്റേയും യാഥാർത്ഥ്യം നമുക്ക് തുറന്നു തന്നു എന്നതാണ്. അതിന്റെ യഥാർത്ഥ പ്രകാശംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ വെളിച്ചമുള്ളതാക്കി. ഈ മസീഹും മഹ്ദിയും തന്നെയാണ് അല്ലാഹുവിനെ കാണുന്നതിനുള്ള രീതിയും വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് നമ്മെ പഠിപ്പിച്ചത്. ഈ മസീഹും മഹ്ദിയും, നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയും തന്നെയാണ്, നബിയോടുള്ള സ്നേഹത്തെ മുന്തിക്കാനുള്ള നവംനവങ്ങളായ രീതികൾ നമ്മെ പഠിപ്പിച്ചത്. നബി(സ) തിരുമേനി താൻതന്നെ മസീഹ് മഹ്ദിയെന്നു പേരിടുകയും, നമ്മുടെ മഹ്ദി എന്നു പറഞ്ഞ് വിളിക്കുകയും ചെയ്ത, ഈ മസീഹ് മഹ്ദിയെ, താൽക്കാലികമായ ബുദ്ധിമുട്ടുകൾ കൊണ്ടുമാത്രം, ഭരണകൂടത്തെയും മൗലവിമാരെയും പ്രീണിപ്പിക്കുന്നതിനായി വിടണമെന്നാണോ? ഏതൊരു അടയാളങ്ങൾ പൂർത്തീകരിച്ചുകൊണ്ടാണോ മസീഹും മഹ്ദിയും വരേണ്ടത്, ആ അടയാളങ്ങളും പൂർത്തിയായി. മസീഹ് മഹ്ദിയെന്ന വാദവും നിലവിലുണ്ട്. കാലഘട്ടവും അതിന്റെ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കി. ഇതെല്ലാം കണ്ടുകൊണ്ട് നബി(സ) തിരുമേനി വരുന്നയാൾക്ക് മസീഹ് മഹ്ദിയെന്ന് പേരിട്ട് വിളിച്ചെങ്കിലും മറ്റുള്ളവരെ ഭയന്ന് നമ്മൾ ലോകരെ സന്തോഷിപ്പിക്കുന്നതിനായി, അദ്ദേഹത്തെ വിശ്വസിക്കുന്നവരിലായിരിക്കെ അദ്ദേഹത്തിന് വേറെന്തെങ്കിലും പേരിടാൻ സമ്മതിക്കുമോ? അങ്ങനെ നമ്മളെ പീഡിപ്പിക്കുന്നതിൽനിന്ന് നിങ്ങൾ പിന്മാറണമെന്ന് അവരോട് നമ്മൾ പറയുമെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? നമ്മൾ അല്ലാഹുവിന്റെ ദൃഷ്ടാന്തമായ സൂര്യചന്ദ്രഗ്രഹണം കണ്ടുകൊണ്ട് മസീഹ് മഹ്ദിക്കു പകരം, വേറെ ആർക്കോ വേണ്ടിയാണ് അത് പുലർന്നതെന്ന് പറയുമോ? അല്ലെങ്കിൽ നഊദുബില്ലാ അല്ലാഹുവിന്റെ സാക്ഷ്യത്തെ കളവാക്കുന്നവരായിത്തീരുമോ? ഇക്കാലത്ത് പുലർന്നുകൊണ്ടിരിക്കുന്ന വിശുദ്ധഖുർആന്റെ പ്രവചനങ്ങളെ എല്ലാം നമ്മൾ തള്ളിപ്പറയുമോ? ഒരുഭാഗത്ത് നമ്മൾ മസീഹ് മഹ്ദിക്ക് ബയ്അത്ത് ചെയ്യുന്നവരാകുകയും ആ മഹാത്മാവിനെ അല്ലാഹുവിന്റെ ഭക്തദാസനായി മനസ്സിലാക്കുകയും മറുഭാഗത്ത് അദ്ദേഹത്തിനുണ്ടായ

إِنَّ الْمَسِيحَ الْمَوْعُودَ الَّذِي يَرْقُبُونَهُ وَالْمَهْدِيَّ الْمَسْعُودَ الَّذِي يُنْكِرُونَهُ هُوَ أَنْتَ فَلَا تَكُونَنَّ مِنَ الْمُمْتَرِينَ

"തീർച്ചയായും ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന ആ വാഗ്ദത്ത മസീഹും ഭാഗ്യവാനായ മഹ്ദിയും നീയാണ്" എന്ന ഇൽഹാം തെറ്റാണെന്ന് മനസ്സിലാക്കുകയും ചെയ്യുമോ? അല്ലാഹു പറഞ്ഞു: "നീ സംശയിക്കുന്നവരിൽപെട്ടുപോകരുത്." സ്വാർത്ഥതയ്ക്കു വേണ്ടി നാം പ്രവർത്തിച്ചാൽ നമ്മൾ അഹ്മദികൾ എന്നു പറയപ്പെടുമോ?

മസീഹ് മഹ്ദിയെ നിഷേധിക്കൽ അഹ്മദിയ്യത്തിന്റെ നിഷേധമായിരിക്കും. ഇതൊരിക്കലും ഒരു അഹ്മദി സഹിക്കുകയില്ല. സർക്കാരും അഹ്മദികളും തമ്മിൽ നടത്തിയ ഉടമ്പടി പത്രങ്ങളിൽ അച്ചടിച്ചുവന്നപ്പോൾ, ലാഹോരികൾക്കും പേഗാമികൾക്കും ബഹളം കൂട്ടാൻ അവസരം കിട്ടി. അവരിലും ആവേശം അലതല്ലി. അഹ്മദികൾ തങ്ങളുടെ അടിസ്ഥാന സിദ്ധാന്തത്തിൽ മാറ്റം വരുത്തിയിരിക്കുന്നുവെന്ന് അവർ വാർത്ത കൊടുത്തു. അതിന്റെ ഉദ്ദേശ്യം 'പേഗാമികൾ'ക്ക് അവസാനം, വിജയം കിട്ടി എന്നു വരുത്തിത്തീർക്കലായിരുന്നു. അവർ നഊദുബില്ലാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നബിയല്ലെന്ന് അഹ്മദികളും അംഗീകരിച്ചിരിക്കുന്നുവെന്ന് പറയാൻ തുടങ്ങി; മുജദ്ദിദോ മുർശിദോ ആണെന്ന് സമ്മതിച്ചിരിക്കുന്നുവത്രെ! ഒന്നാമതായി പറയാനുള്ളത്, സർക്കാരുദ്യോഗസ്ഥരുമായി സംസാരിക്കാൻ ഇന്തോനേഷ്യൻ അഹ്മദികൾ രൂപീകരിച്ച കമ്മറ്റിയിലെ അംഗങ്ങളുടെ മനസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ, സംബന്ധിച്ച് ആ മഹാത്മാവ് മസീഹും മഹ്ദിയുമാണെന്ന കാര്യത്തിൽ ഒരു സന്ദേഹവും ഇല്ലായിരുന്നു. ഒരു അഹ്മദിക്ക് ഒരിക്കലും അങ്ങനെ ചിന്തിക്കാനേ സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്തോനേഷ്യൻ ജമാഅത്ത് ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും വളരെ ഉയർന്നിട്ടുള്ള ജമാഅത്താണ്. ഒന്നാം നിരയിലുള്ള ജമാഅത്തുകളിൽപ്പെട്ട ജമാഅത്താണ്. അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി അവർ ചെയ്യുന്ന ജീവനും ധനവും കൊണ്ടുള്ള ത്യാഗം ഇക്കാര്യത്തെ സാക്ഷീകരിക്കുന്നു. അവരുടെ ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും ഒരു കുറവുമില്ല. അതിനാൽ, അവർ താൽക്കാലിക സുഖത്തിനുവേണ്ടി ബലഹീനത കാണിച്ചുവെന്നു പറഞ്ഞാൽ അത് ഇന്തോനേഷ്യൻ ജമാഅത്തിന്റെമേലുള്ള കുറ്റാരോപണമായിരിക്കും. സർക്കാർ ഒപ്പിടുവിച്ച കാര്യത്തിൽ അത്തരം വ്യക്തമായ വാക്കുകളൊന്നും ഉണ്ടായിരുന്നില്ല. അതിൽ ചില ഉപശീർഷകങ്ങളും ഉണ്ടായിരുന്നു. അതംഗീകരിക്കുന്നതുകൊണ്ട് ഒരു അഹ്മദിക്കും അവർ തങ്ങളുടെ വിശ്വാസത്തിന്നെതിരിൽ സംസാരിച്ചുവെന്ന കളങ്കം ഉണ്ടാകുകയില്ല. അതിനാൽ, ഒരു ഇന്തോനേഷ്യൻ അഹ്മദിയിലും അവർ തങ്ങളുടെ ഈമാനിൽ ബലഹീനത കാണിച്ചുവെന്ന് ആരോപിക്കാൻ പറ്റുകയില്ല. അതവർ അയച്ച കത്തിൽ എന്നോട് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, വ്യക്തമായ നിലയിൽ 'മസീഹ്, മഹ്ദി' എന്നീ പദങ്ങൾ

അവിടെ എഴുതപ്പെട്ടിരുന്നില്ല. അതുകൊണ്ട് പത്രപ്രവർത്തകർക്കും തങ്ങളുടെ സാമർത്ഥ്യം കാണിക്കാൻ അവസരം കിട്ടി. അഹ്മദികളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻപോലും പറ്റാത്ത വാർത്തയായിരുന്നു അത്.

പേഗാമികൾ എന്തായാലും ഈ വാർത്ത നല്ലവണ്ണം ആഘോഷിച്ചു. ഞാനും കഴിഞ്ഞൊരു ഖുത്ബയിൽ ഇക്കാര്യം വ്യക്തമായും പറഞ്ഞിരുന്നു. പത്രങ്ങൾ നമ്മുടെ നിലപാട് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അത് ആ പത്രക്കാരുടെ മാന്യതയാണ്. എന്നിട്ടും ഈ പേഗാമികളുടെ പിടിവാശിയും ബഹളം കൂട്ടലും ഇവിടെ നമ്മുടെ പ്രസ്സ് സെക്ഷനിലേക്ക് ഫോൺ ചെയ്ത്, 'ഇനിയും നിങ്ങൾക്ക് വ്യക്തമായില്ലേ' എന്ന് ചോദിക്കലും അവരുടെ വ്യാമോഹമല്ലാതെ മറ്റൊന്നുമല്ല. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ മാത്രമേ, അവർക്ക് സമാധാനമുണ്ടാകുകയുള്ളൂ. എന്തെങ്കിലും കാര്യത്തിൽ പിടിവാശി കാണിക്കുകയും വിശ്വസിക്കാൻ തയ്യാറാകാതിരക്കുകയും ചെയ്യുന്നവർക്ക് സമാധാനം കൊടുക്കാൻ മനുഷ്യർക്ക് സാധ്യമല്ല. നമ്മൾ പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു.

എന്തായാലും ഇന്ന് വീണ്ടും ഒരിക്കൽകൂടി പേഗാമികളോടും ലാഹോരികളോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്, അല്ലാഹുവിനെ ഭയപ്പെടുക. നബി(സ) തിരുമേനിയുടെ പ്രവചനങ്ങൾ നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ ചിന്തിക്കുക. എന്നിട്ട് ആത്മപരിശോധന നടത്തുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ചുള്ള നിങ്ങളുടെ നിലപാട് കൊണ്ട് നിങ്ങളുടെ ചുവട് ഏതെങ്കിലും തരത്തിലുള്ള അഭിവൃദ്ധിയിലേക്ക് എപ്പോഴെങ്കിലും ഉയർന്നിട്ടുണ്ടോ? ഖിലാഫത്തിനേക്കാൾ അഞ്ചുമന് പ്രാധാന്യം നല്കിയവർക്ക് ലോകത്ത് ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും കൊടി നാട്ടാൻ കഴിഞ്ഞുവോ? അല്ലെങ്കിൽ അല്പം വിഷമം സഹിച്ച് ഈ കൊടി നാട്ടാൻ ശ്രമിച്ചിട്ടുണ്ടോ?

ഹദ്റത്ത് മസീഹ് മൗഊദി(അ)നെ മസീഹും മഹ്ദിയും നബിയുമായി വിശ്വസിക്കുന്നവരല്ലേ, ഇന്ന് ലോകത്ത് ദീനീ സേവനം ചെയ്തുകൊണ്ടിരിക്കുന്നത്. മസീഹ് മൗഊദ്(അ)നു ശേഷം ഖിലാഫത്ത് സത്യമാണെന്ന് മനസ്സിലാക്കുന്നവരല്ലേ ഇതെല്ലാം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്? ഖിലാഫത്തിന് ബയ്അത്ത് ചെയ്തവർ 189 ലോകരാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശമെത്തിച്ചു. **നിങ്ങൾ എന്തു ചെയ്തു?** അല്ലാഹുവിന്റെ പ്രാവർത്തികമായ സാക്ഷ്യങ്ങൾ ആ മഹാത്മാവിനെ നബിയെന്ന് വിശ്വസിക്കുന്നവരോടൊപ്പമാണോ അതല്ല ഒരു ഗുരുവെന്നോ മുർശിദെന്നോ മുജദ്ദിദെന്നോ മനസ്സിലാക്കുന്ന നിങ്ങളോടൊപ്പമോ?

അതിനാൽ, അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ഈ കലഹം അവസാനിപ്പിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് എന്ത് പറയുന്നുവെന്ന് നോക്കുക. നിങ്ങൾ ആ ധന്യാത്മാവിന്റെ ഗ്രന്ഥങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിക്കാറുണ്ടല്ലോ? അത് വായിക്കാനും നിങ്ങൾക്ക് തൗഫീഖ് കിട്ടുമാറാകട്ടെ. അത് മനസ്സിലാക്കാനും ഭാഗ്യം കിട്ടുമാറാകട്ടെ. കുറച്ചു കാര്യങ്ങൾ സ്വീകരിക്കുകയും കുറച്ചു കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു എന്താണ് വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നതെന്ന് നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"പുതിയൊരു നിയമം ആവാഹിക്കുകയോ കൊണ്ടുവരികയോ ചെയ്യുക എന്നതു നബിത്വത്തിന്റെ സമാന ശബ്ദമല്ല. പരോക്ഷജ്ഞാന രഹസ്യങ്ങൾ ഒരാൾക്ക് വെളിപ്പെടുത്തപ്പെടുന്നതിന് കാരണമായിത്തീരുന്ന ദൈവികമായ വരദാനം മാത്രമാണത്. നൂറ്റിയമ്പതോളം പ്രവചനങ്ങളുടെ വ്യക്തമായ പൂർത്തീകരണത്തിന് ഞാൻതന്നെ സാക്ഷ്യം വഹിച്ചിരിക്കെ, ഒരു നബി എന്നോ റസൂലെന്നോ എന്നെ വിളിക്കുന്നതിന് ഞാനെന്തിന് മടിക്കണം? ഈ നാമം അല്ലാഹുതന്നെയാണെന്നിൽ അനുഗ്രഹിച്ചരുളിയത്. അത് തിരസ്കരിക്കാൻ ഞാനാര്? അല്ലാഹുവിന്നെതിരിൽ ഞാനാരെയെങ്കിലും എന്തിനു ഭയപ്പെടണം? എന്നെ എഴുന്നേല്പിച്ചവനാരോ, തന്നെപ്പറ്റി കളവുകൾ കറ്റുകെട്ടി പറയുന്നവന്റെമേൽ ഏതൊരുവൻ ശാപങ്ങൾ ചൊരിയുമോ അവനെ സാക്ഷിനിറുത്തിക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, അവൻ തന്നെയാണ് എന്നെ വാഗ്ദത്തമസീഹായി നിയോഗിച്ചയച്ചിട്ടുള്ളത്. എനിക്കുണ്ടായ വ്യക്തമായ ഇൽഹാമുകളിൽ എനിക്കുള്ള 'ഈമാൻ' (ദൃഢവിശ്വാസം) വിശുദ്ധഖുർആനിൽ എനിക്കുള്ള ഈമാനിനേക്കാൾ ഉറപ്പിലും അജയ്യതയിലും തരിമ്പോളവും കുറഞ്ഞതല്ലതാനും. അല്ലാഹു എന്നിൽ ഇറക്കുമാറായ ഇൽഹാമുകളുടെ സത്യാവസ്ഥ അവൻ കാണിച്ച തുടരെത്തുടരെയുള്ള ദൃഷ്ടാന്തങ്ങളിലൂടെ പ്രത്യക്ഷമായി കഴിഞ്ഞിട്ടുള്ളതുമത്രെ. എനിക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്ന വിശുദ്ധങ്ങളായ ഇൽഹാമുകൾ മൂസാനബിക്കും ഈസാനബിക്കും മുഹമ്മദ് മുസ്താഫാ(സ)ക്കും തന്റെ വചനമിറക്കിയ അതേ അല്ലാഹുവിന്റെ വചനം തന്നെയാണെന്നു വിശുദ്ധ കഅ്ബയിലെ പരിപവിത്രമായ തിരുസ്ഥാനങ്ങളിൽനിന്നുകൊണ്ട് അല്ലാഹുവിനെ ആണയിട്ട് പ്രഖ്യാപിക്കുവാൻ എനിക്ക് ഒരു വിരോധവുമില്ല! എന്റെ വാദങ്ങളുടെ സത്യത്തിന് ഭൂമി സാക്ഷ്യം വഹിച്ചിരിക്കുന്നു; ആകാശവും സാക്ഷ്യം വഹിച്ചിരിക്കുന്നു. ഞാൻ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി (ഖലീഫത്തുല്ലാഹ്) തന്നെയെന്ന് ഭൂമിയും ആകാശവും പ്രഖ്യാപിക്കുകയും പ്രഘോഷിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, പൂർവ്വകാലങ്ങളിലെ പ്രവചനങ്ങളിൽ പറയപ്പെട്ട പ്രകാരം ഞാൻ തള്ളപ്പെടേണ്ടതുണ്ടായിരുന്നു! അതിനാൽ, ഹൃദയത്തിൽ മറയുള്ളവൻ എന്നെ

കൈക്കൊള്ളുകയില്ല. എന്നാൽ, മുൻകാലങ്ങളിൽ തന്റെ റസൂൽമാരെ എന്നും അല്ലാഹു സഹായിച്ചിട്ടുള്ളതു പോലെ അവൻ എന്നേയും സഹായിക്കുകതന്നെ ചെയ്യുമെന്ന് എനിക്ക് ദൃഢബോധ്യം വന്നിട്ടുമുണ്ട്. എനിക്കെതിരിൽ നില്ക്കാൻ കഴിയുന്നവൻ ആരുംതന്നെയില്ല. എന്തുകൊണ്ടെന്നാൽ അവർക്ക് ദൈവികമായ സഹായം ലഭിക്കുന്നതല്ല. ഞാൻ നബിയും റസൂലും അല്ലെന്ന് എവിടെവിടെയെല്ലാം നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാംതന്നെ, ഞാൻ ഒരു പുതിയ ശരീഅത്തുടയ നബിയോ സ്വതന്ത്രനബിയോ അല്ലെന്ന അർത്ഥത്തിൽ മാത്രമാകുന്നു അപ്രകാരം പറഞ്ഞത്. എന്നാൽ, മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻ മുഖേന ആത്മീയമായി അനുഗൃഹീതനായ നിലയിലും ആ മഹാത്മാവിന്റെ നാമം ആർജ്ജിക്കാൻ കഴിഞ്ഞിരിക്കുകയാലും പരോക്ഷജ്ഞാനം എനിക്ക് അനുഗ്രഹിച്ചരുളപ്പെട്ടിരിക്കുന്നു എന്നർത്ഥത്തിൽ ഞാൻ നിശ്ചയമായും റസൂലും നബിയുമാകുന്നു. എന്നാൽ, ഞാൻ വീണ്ടും ആവർത്തിച്ച് പറയട്ടെ, ഞാനൊരു പുതിയ ശരീഅത്ത് കൊണ്ടുവന്നിട്ടില്ല; പരിചയപ്പെടുത്തിയിട്ടുമില്ല; ഇത്തരത്തിലുള്ള ഒരു നബിയാണെന്നത് ഞാനൊരിക്കലും നിഷേധിച്ചിട്ടുമില്ല. മറിച്ച്, ഇതേ അർത്ഥത്തിൽ അല്ലാഹു എന്നെ നബിയെന്നും റസൂൽ എന്നും വിളിച്ചിരിക്കുന്നു. അതുകൊണ്ട് നബിയെന്നും റസൂലെന്നുമുള്ള പദത്തിന്റെ ഈ വിവക്ഷിത പ്രകാരം നബിയെന്നും റസൂലെന്നും എന്നെ വിളിച്ചുകൊള്ളാമെന്നതിനെ ഞാനിപ്പോഴും നിഷേധിക്കുന്നില്ല."

ഇതിനുശേഷവും എന്തെങ്കിലും സംശയം അവശേഷിക്കുമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ച് അല്ലാഹുവിൽനിന്ന് അറിവ് കരസ്ഥമാക്കി എന്താണ് പറയുന്നത്? താൻ നബിയാണെന്ന് പ്രസ്പഷ്ടമായ നിലയിൽ ആ മഹാത്മാവ് പറഞ്ഞിരിക്കുന്നു.

ഞാൻ വളരെ ബഹുമാനത്തോടും ആദരവോടും കൂടി ഈ വഴിതെറ്റി നടക്കുന്ന സഹോദരങ്ങളോട് പറയുകയാണ്, വരിക! ഈ ആത്മീയവിപ്ലവത്തിൽ അണിചേരുക. ഇതിനുവേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ളില്ലി നബിയുമായിട്ട് അയച്ചിരിക്കുന്നത്. നബി(സ)യുടെ ദാസത്വത്തിൽ, ആ മസീഹും മഹ്ദിയും ഇസ്‌ലാമിന്റെ സന്ദേശത്തെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കേണ്ടതായുണ്ട്, അതെത്തിച്ചിരിക്കുന്നു. ആ മഹാത്മാവിനോട് വ്യക്തമായ വാക്കുകളിൽ അല്ലാഹു "ഈ എതിർപ്പുകളെല്ലാം ഉണ്ടായിരിക്കെ, ഞാൻ നിന്റെ ദൗത്യത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കുന്നതാണെന്ന് പറഞ്ഞു. ആ മഹാത്മാവിനെ നബിയായി വിശ്വസിച്ചുകൊണ്ട്, ആ മഹാത്മാവിനുശേഷം ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ് ഇക്കാലഘട്ടത്തിൽ ആ വാഗ്ദാനം പൂർത്തിയായതായി കണ്ടുകൊണ്ടിരിക്കുന്നത്. ഈ സന്ദേശം ഇന്ന് വായുവിലൂടെ ഒഴുകി ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കൊണ്ടിരിക്കുന്നു.

ഇന്ന് ആ മഹാത്മാവിനെ നബിയും റസൂലുമായി വിശ്വസിക്കുന്നവർക്കാണ് വിജയം നല്കിയിട്ടുള്ളത്. അല്ലാഹു താൻ അയച്ച തന്റെ നബിയെ സഹായിച്ചുകൊണ്ട് സന്ദേശമെത്തിക്കുക എന്നുള്ള ദിവ്യാത്ഭുതം കാണിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിലെ ഒരു ശക്തിക്കും ഇതിനെ തടയാൻ സാധ്യമല്ല. 'ഞാൻ നിന്റെ ദൗത്യത്തെ എത്തിക്കുമെന്ന്' അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. ഇതിൽ നമുക്ക് ഇങ്ങനേയും ഒരു ഉപദേശമുണ്ട്, അതായത്, ഈ വഴിയിൽ തടസ്സങ്ങൾ ഉണ്ടാകും. എതിർപ്പിന്റെ പൊടിക്കാറ്റും ആഞ്ഞുവീശും. ഇടത്തും വലത്തും അഗ്നിജ്വാലകൾ ഉയരും. ഭരണകൂടങ്ങളും തടസ്സങ്ങളുണ്ടാക്കാൻ ശ്രമിക്കും. പക്ഷേ, താൻ പ്രതാപവാനും അജയ്യനും സർവ്വശക്തിയുടെയും ഉടമസ്ഥനുമാണെന്ന് അല്ലാഹു പറയുന്നു. നിനക്കും നിന്നെ വിശ്വസിക്കുന്നവർക്കും ഞാൻ സമാധാനം തരികയാണ്. നീ എന്നിൽനിന്നാണ്. എന്റെ സന്ദേശമെത്തിക്കാൻ നീ നിരതനാണ്. അതുകൊണ്ട് എന്റെ സഹായം എപ്പോഴും നിന്നോടൊപ്പമുണ്ടായിരിക്കണമെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഞാൻ നിന്റെ ദൗത്യത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കും. ഇങ്ങനെയൊക്കെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ഇൽഹാം മുഖേന അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞു:

لَا تَخَفْ إِنِّي مَعَكَ - وَمَاشٍ مَعَ مَشْيِكَ -
أَنْتَ مِنِّي بِمَنْزِلَةٍ لَا يَعْلَمُهَا الْخَلْقُ - وَجَدْتُكَ
مَا وَجَدْتُكَ - إِنِّي مُهِينٌ مَنْ أَرَادَ إِهَانَتَكَ - وَ
إِنِّي مُعِينٌ مَنْ أَرَادَ إِعَانَتَكَ - أَنْتَ مِنِّي وَ
سِرُّكَ سِرِّي وَأَنْتَ مُرَادِي وَمَعِي - أَنْتَ
وَجِيهٌ فِي حَضْرَتِي - اِخْتَرْتُكَ لِنَفْسِي ؕ

(آئینہ کمالات اسلام صلا)

നീ ഭയപ്പെടരുത്. ഞാൻ നിന്നോടൊപ്പമുണ്ട്. നിന്റെ ഒപ്പത്തിനൊപ്പം ഞാൻ നടക്കുന്നു. നിനക്ക് എന്റെ അടുക്കലുള്ള സ്ഥാനം സൃഷ്ടികളിലാർക്കും അറിയുകയില്ല. ഞാൻ നിന്നെ കണ്ടു. അതെ, ഞാൻ നിന്നെ കണ്ടു. നിന്നെ നിന്ദിക്കാൻ ആഗ്രഹിക്കുന്നവനെ ഞാൻ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യുന്നതാണ്. നിന്നെ സഹായിക്കാൻ ഉദ്ദേശിക്കുന്നവന് ഞാൻ സഹായിയായിരിക്കും. നീ എന്റേതാണ്, നിന്റെ രഹസ്യം എന്റെ രഹസ്യമാണ്. നീ എന്റെ ലക്ഷ്യവും എന്നോടൊപ്പവുമാണ്. നീ എന്റെ സന്നിധിയിൽ സൗന്ദര്യവാനാണ്. ഞാൻ നിന്നെ എനിക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു".

ആ മഹാത്മാവിന് അല്ലാഹു എല്ലാത്തരം ഭയത്തിൽ നിന്നും സമാധാനം നല്കി. തന്റെ സഹായത്തെക്കുറിച്ച് ദൃഢതരമായ വിശ്വാസം നല്കി. ആ മഹാത്മാവിനെ സഹയിക്കുന്നവരെയും സഹായിക്കുമെന്ന് വിളംബരം ചെയ്യിച്ചു. നിന്ദിക്കുന്നവരേയും തടസ്സമുണ്ടാക്കുന്നവരേയും നിന്ദിക്കുമെന്നും അപമാനിക്കുമെന്നും പ്രഖ്യാപിച്ചു. ആ മഹാത്മാവിനെ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിൽ അല്ലാഹു ഉൾപ്പെടുത്തി. അപ്പോൾ ആ ദിവ്യാത്മാവിനെ വിശ്വസിക്കുന്നവർക്കും ഭയപ്പെടേണ്ട ഒരു കാര്യവുമില്ല. താൽക്കാലികമായിട്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ പരിഭ്രമിക്കേണ്ട ആവശ്യവുമില്ല.

ഉഹുദ് യുദ്ധത്തിൽ, മുസ്ലിംകളുടെ പാദങ്ങൾ ഇളകിപ്പോയിട്ടും ജീവനും സ്വത്തിനും നഷ്ടമുണ്ടായിട്ടും ശത്രുവിന് വിജയം വരിക്കാൻ കഴിഞ്ഞില്ല. അവസാനം '***അല്ലാഹു അഅ്‌ലാ വഅജൽ***' എന്ന ശബ്ദംതന്നെ വിജയിച്ചു. ഇന്നും '***അല്ലാഹു അഅ്‌ലാ വഅജൽ***' ആയ അല്ലാഹു തന്റെ പ്രിയപ്പെട്ടവനെ സ്നേഹിക്കുന്നതിനുവേണ്ടി സഹായം വാഗ്ദാനം ചെയ്തിരിക്കെ ആ മഹാത്മാവിൽ വിശ്വസിക്കുന്ന നമ്മൾ ഈ താൽക്കാലിക ബുദ്ധിമുട്ടുകളിൽ പരിഭ്രമിക്കേണ്ട ആവശ്യമെന്താണ്?

കഴിഞ്ഞ ദിനങ്ങളിൽ അറബികൾക്കും വലിയ വിഷമം നേരിടേണ്ടതായി വന്നു. അവരിൽ അഹ്മദികളുമുണ്ട്. നമ്മെ സ്നേഹിക്കുകയും ഇസ്ലാമിന്റെ ശോചനീയാവസ്ഥയിൽ വിലപിക്കുകയും ചെയ്യുന്ന അറബികളുമുണ്ട്.

ചില വലിയ വലിയ അറേബ്യൻ സർക്കാരുകൾ മൗലവിമാരേയും പാതിരിമാരേയും ഭയന്നും അഹ്മദിയ്യത്തിന്റെ പുരോഗതി കണ്ടും നമ്മുടെ എം.ടി.എ അൽഅറബിയ്യായുടെ സംപ്രേഷണം നിറുത്തിച്ചു. ചില അറേബ്യൻ സർക്കാരുകളുടെ ഉടമയിലുള്ള നൈൽ സാറ്റിലാണ് നമ്മുടെ പരിപാടി സംപ്രേഷണം ചെയ്തുകൊണ്ടിരുന്നത്. അത് നിറുത്തിക്കാൻ കാരണം അസഹ്യമായ അസൂയയാണ്. അതിൽ അവർ എരിഞ്ഞുകൊണ്ടിരിക്കുകുന്നു. എല്ലാ ധാർമ്മികഗുണങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ടാണ് ഒരു മുന്നറിയിപ്പും കൂടാതെ ഈ ചാനൽ നിറുത്തിയത്. അറബികളായ നമ്മുടെ അംഗങ്ങളും മറ്റുള്ളവരും എനിക്കും എം.ടി.എ പ്രവർത്തകർക്കും സന്ദേശങ്ങളയച്ചു. എന്തക്രമമാണ് ചെയ്തതെന്നും ഒരറിയിപ്പും കൂടാതെ ചാനൽ നിറുത്താൻ കാരണമെന്താണെന്നും അവർ ചോദിച്ചു. അപ്പോൾ അല്പം ക്ഷമിക്കണമെന്നും ഇൻശാഅല്ലാഹ് എത്രയും വേഗം അത് പ്രവർത്തനം തുടങ്ങുമെന്നും അവരെ അറിയിച്ചു.

ഇന്ന് എന്റെ ഈ ഖുത്ബയിലൂടെ എന്താണ് കാര്യമെന്ന് അവർക്ക് മനസ്സിലായിട്ടുണ്ടാകും. ഈ സ്വാർത്ഥമതികളായ ഭരണകൂടങ്ങൾ ജനങ്ങളെ ഭയന്നുകൊണ്ടും ചിലർ അസൂയകൊണ്ടും ഈ ചാനൽ നിറുത്തിക്കുകയായിരുന്നു. കാരണം അറേബ്യൻ രാജ്യങ്ങളിലുള്ള ക്രിസ്ത്യാനികൾക്കും ഈ ചാനലിലൂടെ മറുപടി കൊടുത്തിരുന്നു. അതുകൊണ്ട് അവരും ഇത് നിറുത്തുന്നതിനായി സമ്മർദ്ദം ചെലുത്തി. ക്രിസ്ത്യാനികളുടെ മേൽ ഇത് ദുസ്വാധീനമുണ്ടാക്കുന്നുവത്രെ! എന്തായാലും അവരുടെ പ്രവർത്തി അല്ലാഹുവുമായിട്ടാണ്. അല്ലാഹുവിന്റെ പേരുപറഞ്ഞ് തങ്ങൾ എന്തിനും കഴിവുള്ളവരാണെന്ന ഹുങ്കിൽ അല്ലാഹുവിന്റെ ആളുകളോട് ശത്രുത കാണിക്കുന്നവരോട് അല്ലാഹു പറയുന്നു: '***വമകറു വമകറല്ലാഹു വല്ലാഹു ഖയ്റുൽ മാക്കിരീൻ***' അവർ തന്ത്രം കാണിച്ചു. അല്ലാഹു മറുതന്ത്രം കാണിച്ചു. അല്ലാഹു എല്ലാ തന്ത്രം കാണിക്കുന്നവരേക്കാളും നല്ല നിലയിൽ തന്ത്രം കാണിക്കുന്നവനാണ്.

ഒന്നാമത്തെ മസീഹിന്റെ കാലത്തും ഇത്തരം തന്ത്രങ്ങൾ പ്രയോഗിച്ചിരുന്നു. ഇപ്പോൾ മുഹമ്മദീ മസീഹിന്നെതിരിലും തന്ത്രങ്ങൾ മെനയുകയാണ്. പക്ഷേ, അല്ലാഹു സമാധാനിപ്പിക്കുന്നു. അതുകൊണ്ടു ഈ തടസ്സങ്ങൾ സൃഷ്ടിക്കുന്നവരെക്കുറിച്ച് നമുക്കൊരാശങ്കയുമില്ല. അത് അല്ലാഹു കൈകാര്യം ചെയ്തുകൊള്ളും. അവന്റെ മസീഹാണ്. മനുഷ്യന് ചിന്തിക്കാൻ പറ്റാത്ത രീതിയിൽ തന്റെ സന്ദേശം എല്ലായിടത്തും അവൻ എത്തിച്ചുകൊടുക്കുന്നു.

അല്ലാഹു ഇതിന്റെ ഫലമായി എന്താണ് നമുക്ക് നല്കിയത്? കുറച്ച് മണിക്കൂറുകളോ ഒരു ദിവസമോ ആണെന്ന് തോന്നുന്നു ഈ ചാനലിന്റെ സംപ്രേഷണം നിലച്ചത്. ഉടനെതന്നെ നമ്മൾ താൽക്കാലികമായിട്ടാണെങ്കിലും വേറെ സംവിധാനം ചെയ്തു. ഇത് നിറുത്തിക്കാൻ വേണ്ടി അവർ ചെയ്ത പരിശ്രമത്തിന്നെതിരിൽ, അല്ലാഹു നമ്മെ യൂറോപ്പിലെ ഒരു സാറ്റ്ലൈറ്റ് കമ്പനിയുമായി ബന്ധപ്പെടുത്തി. അവരുമായി നമ്മൾ മുമ്പേ ബന്ധപ്പെട്ടിരുന്നതാണ്. സംപ്രേഷണത്തിനായി ശ്രമിച്ചതുമാണ്. പക്ഷേ, അന്ന് കിട്ടിയിരുന്നില്ല. എന്നാൽ ഈ തടസ്സം വന്നപ്പോൾ അല്ലാഹുതന്നെ അത് കിട്ടുന്നതിനുള്ള ഏർപ്പാട് ചെയ്തു. ഇക്കൂട്ടർ സമ്മർദ്ദം ചെലുത്തി സംപ്രേഷണം തടഞ്ഞ സാറ്റ്ലൈറ്റിന്റെ കവറേജ് കുറച്ച് രാജ്യങ്ങളിൽ മാത്രമേ എത്തുന്നുണ്ടായിരുന്നുള്ളൂ. ചില അറേബ്യൻ രാജ്യങ്ങളിൽ മാത്രമായിരുന്നു അത് എത്തിയിരുന്നത്. എന്നാൽ, ഈ സാറ്റ്ലൈറ്റിന്റെ കവറേജ് വളരെ അധികമാണ്. മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിൽ മുമ്പേയുള്ള സാറ്റ്ലൈറ്റിലൂടെ എം.ടി.എ കിട്ടിയിരുന്നില്ല. ഇപ്പോൾ ഈ സാറ്റ്ലൈറ്റ് മുഖേന ആ കുറവും പരിഹരിക്കപ്പെട്ടിരിക്കുകയാണ്.

ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അവൻ സത്യമായി വാഗ്ദാനം ചെയ്യുന്നവനാണ്. താൽക്കാലികമായിട്ട് തടസ്സങ്ങൾ ഉണ്ടാകുന്നു. ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ശത്രുക്കളുടെയും അസൂയാലുക്കളുടെയും ആക്രമണവും ഉണ്ടാകും. പക്ഷേ, അത് കണ്ട്

ഒരു അഹ്മദിയും നിരാശപ്പെടാൻ പാടില്ല. ഈ തടസ്സങ്ങൾ കണ്ടുകൊണ്ട് ഞാൻ പറഞ്ഞതുപോലെ സത്യവിശ്വാസി അല്ലാഹുവിനു മുമ്പിൽ അധികമായി കുനിയുകയാണ് വേണ്ടത്.

ദുആയിലേക്ക് ശ്രദ്ധിക്കുക. നമസ്കാരം ഭംഗിയായി അനുഷ്ഠിക്കുക. നിങ്ങളുടെ നിർബ്ബന്ധകടമകൾ നിറവേറ്റുക. നഫ്ലുകൾ അനുഷ്ഠിക്കുക. കാരണം ഈ ദുആകളും ആരാധനകളുംതന്നെയാണ് നമ്മുടെ ലക്ഷ്യപ്രാപ്തിക്ക് നമ്മെ സഹായിക്കാനുള്ളത്. ദൈവസ്മരണയിൽ നാവുകൾ ആർദ്രമാക്കി വയ്ക്കുക. നാവുകൾ ആർദ്രമാക്കി വെക്കുന്നതിലൂടെതന്നെയാണ് വിജയങ്ങളുടെ കവാടങ്ങൾ തുറക്കേണ്ടത്. ഇൻശാഅല്ലാഹ്.

അടിസ്ഥാനപരമായ ഇക്കാര്യം ഓരോ അഹ്മദിയും എപ്പോഴും ഓർമ്മിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികയുന്നതോടെ, അതിനുള്ള പരിപാടികൾ നാം ആസൂത്രണം ചെയ്യുമ്പോൾ അസൂയാലുക്കൾ കൂടുതൽ നഷ്ടമുണ്ടാക്കാനും ആക്രമിക്കാനും ശ്രമിക്കും. അവരതിന് ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. കാരണം തങ്ങളിൽനിന്ന് ഖിലാഫത്ത് പിൻവലിക്കപ്പെടുകയും നമ്മൾ ഖിലാഫത്തിന്റെ രുചി ആസ്വദിക്കുകയും ഐക്യത്തോടെ കഴിയുകയും ചെയ്യുന്നത് അവർക്ക് സഹിക്കുകയില്ല. ഈ അസൂയയാണ് അവരെക്കൊണ്ടിതെല്ലാം ചെയ്യിക്കുന്നത്.

എതിരാളികൾ തുറന്നനിലയിൽ- അതായത് മറ്റു മുസ്ലിംകൾ, തങ്ങൾക്ക് ഖിലാഫത്ത് കൂടാതെ വിജയിക്കാൻ കഴിയുകയില്ലെന്ന് വിഷമത്തോടെ പറയുന്നുണ്ട്. ഇത്തരം വാർത്തകളെക്കൊണ്ട് അവരുടെ പത്രങ്ങളും മാസികകളും നിറഞ്ഞുകിടക്കുകയാണ്. ഇതുസംബന്ധമായി എന്തെങ്കിലും പ്രസംഗങ്ങളോ ലേഖനങ്ങളോ വരാത്ത ഒരു ദിനപത്രവുമില്ല. ഉദാഹരണത്തിന്- ഞാൻ കൊണ്ടുവന്ന ഒരു ഉദ്ധരണി നിങ്ങളെ കേൾപ്പിക്കാം.

മുഫ്തി ഹബീബുർറഹ്മാൻ സാഹിബ് ദർഖാസ്തി പറയുന്നു: "നുബുവ്വത്തിന്റെ പാതയിലുള്ള ഇസ്ലാമിക ഖിലാഫത്ത് വ്യവസ്ഥിതിയേക്കാൾ ശ്രേഷ്ഠമായ ഒരു വ്യവസ്ഥിതിയുമില്ല. സത്യസന്ധരായ ആളുകൾ ഒരു പ്ലാറ്റുഫോമിൽ സംഘടിക്കാതെ ഈ മഹത്തായ ഉദ്ദേശ്യം എങ്ങനെ സാധിക്കാനാണ്? ഇപ്പോൾ മുസ്ലിം ഉമ്മത്തിന്റെ പരിതാപകരമായ അവസ്ഥ നോക്കുക. എല്ലാ രീതിയിലും മുസ്ലിം ഉമ്മത്തിനെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം അവസ്ഥയിൽ വേണ്ടത്, മുസ്ലിം ഉമ്മത്ത് വലിയ ത്യാഗം ചെയ്ത് പാക്കിസ്ഥാൻ നേടിയെടുക്കുന്നതിനുവേണ്ടി ചെയ്ത ശ്രമമാണ്. മുസ്ലിം ഉമ്മത്ത് ഈ ത്യാഗം ചെയ്തത് തങ്ങൾക്ക് സ്വതന്ത്രമായ രാജ്യം കിട്ടുമെന്നും അതിൽ ഇസ്ലാമിക വ്യവസ്ഥിതി സ്ഥാപിക്കാൻ കഴിയുമെന്നുമുള്ളതിന്റെ അടിസ്ഥാനത്തിലായിരുന്നു. അത് കാറ്റിൽ പറക്കുന്ന ശബ്ദത്തിന്റേയും വഞ്ചനയുടേയും രൂപത്തിലാണ് പിന്നീട് വെളിപ്പെട്ടത്. ഇസ്ലാമിക വ്യവസ്ഥിതി സ്ഥാപിക്കുമെന്ന് പറഞ്ഞാണ് രാജ്യം സ്ഥാപിച്ചത്. പക്ഷേ, ഇവിടെ അഹങ്കാരവും വഞ്ചനയുമല്ലാതെ മറ്റൊന്നുമില്ല. മുസ്ലിം ഉമ്മത്തിന്റെ അനശ്വരതയുടേയും ക്ഷേമൈശ്വര്യങ്ങളുടേയും രഹസ്യം ഐക്യത്തിലും യോജിപ്പിലും നുബുവ്വത്തിന്റെ പാതയിലുള്ള ഇസ്ലാമിക ഖിലാഫത്ത് വ്യവസ്ഥിതിയിലുമാണ്." ഇതാണ് മുഫ്തി സാഹിബിന്റെ പ്രസ്താവന. എല്ലാം അവർ സ്വയം അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്.

അഹോ കഷ്ടം, ഇവർ പിടിവാശി ഉപേക്ഷിച്ചിരുന്നുവെങ്കിൽ. ഇവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഇമാം മഹ്ദി- ഒരിടത്ത് ഇമാം മഹ്ദി വന്നാൽ അദ്ദേഹത്തിനു ശേഷം ഖിലാഫത്ത് സ്ഥാപിതമാകും എന്നും വന്നിട്ടുണ്ട്- വന്നിരിക്കുന്നു. അദ്ദേഹം മുഖേന ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായിക്കഴിഞ്ഞു. നിങ്ങൾ എത്ര ശ്രമിച്ചാലും ശരി ഇനി നുബുവ്വത്തിന്റെ പാതയിലുള്ള ഒരു ഖിലാഫത്തും വരികയില്ല.

അതുകൊണ്ട് അഹ്മദികളായ നമ്മൾ എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവിനോട് രക്ഷ തേടുന്നതിനോടൊപ്പം നമ്മുടെ പാദങ്ങൾ ഉറച്ചുനില്ക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക. അതിനോടൊപ്പംതന്നെ സത്യത്തിൽനിന്ന് വ്യതിചലിച്ചുപോയ മുസ്ലിംകൾക്കുവേണ്ടിയും ദുആ ചെയ്യുക. വാഗ്ദത്ത മസീഹും മഹ്ദിയുമായി ബന്ധം സ്ഥാപിക്കാൻ അല്ലാഹു ഇക്കൂട്ടർക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 8.2.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala